# തുലികാചിത്രങ്ങൾ

കുറ്റിപ്പുഴ കൃഷ്ണപിള്ള



തുലികാചിത്രങ്ങൾ

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Clown, a painting by Noella Roos (1969 (b.)). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉലികാചിത്രങ്ങൾ

ഇപ്പോൾ ഉലികാചിത്രങ്ങളുടെ കാലമാണെന്നു തോന്നുന്നു. മലയാളത്തിലിതൊരു പുതിയ പ്രസ്ഥാനമായിരിക്കയാണ്. അതുകൊണ്ടായിരിക്കാം ചിത്രനിർമ്മാണഭ്രമം ഇത്ര കലശലായിരിക്കുന്നത്. അതുമാത്രമല്ല, എന്തെങ്കിലും കുറെ എഴുതിപ്പിടിപ്പിക്കാൻ എളുപ്പമുള്ളൊരു മാർഗ്ഗവുമാണിത്. വിഷയംതേടി വിഷമിക്കേണ്ടതില്ല. ഏതെങ്കിലും തരത്തിൽ പൊതുജനദൃഷ്ടിക്കു വിഷയീഭവിച്ചിട്ടുള്ളവർ ധാരാളമില്ലേ? അവരിലൊരുവന്റെ പേർ തലക്കെട്ടാക്കിയാൽ മതിയല്ലോ. പിന്നെ ഇഷ്ടംപോലെ ഉലികയോടിക്കാം. ആർക്കും ആരെപ്പറ്റിയും എന്തും പറയാം; അതിലൊരു വ്യവസ്ഥയും വകതിരിവും മര്യാദയും പരിപാലിക്കണമെന്നില്ല എന്നു തോന്നും ഇപ്പോഴത്തെ ചില ചിത്രങ്ങൾ കണ്ടാൽ. ഉലികാചിത്രം എന്ന പേരുകൊണ്ട് എന്തും പറയാനുള്ള 'ലൈസൻസ്' കിട്ടുമെന്നോ! ചിത്രകാരന്റെ ഇഷ്ടാനിഷ്ടമനുസരിച്ച് ഒന്നുകിൽ അന്ധമായ പ്രശംസ, അല്ലെങ്കിൽ അതിരറ്റ ആക്ഷേപം, മേമ്പൊടിക്കൊരു ആകാരവർണ്ണനവും. ഈ ഒടുവിലത്തേതു യാഥാർത്ഥ്യവുമായി ഒത്തിരിക്കണമെന്നില്ല; ചായക്കോലുകാരന്റെ മനോമർക്കടത്തിനു തോന്നിയ മാതിരി കറുപ്പടിച്ചോ വെളുപ്പടിച്ചോ കാണിക്കാം. ഏതാണ്ടീമട്ടിൽ അധഃപതിക്കാൻ തുടങ്ങിയിട്ടുണ്ട് നമ്മുടെ ഉലികാചിത്രപ്രസ്ഥാനം. എന്നിരുന്നാലും ഇതിനൊരു മറുവശം ഉണ്ടെന്നുള്ള സംഗതി വിസ്മരിക്കാവതല്ല. സാഹിത്യഭൂഷണങ്ങളായ ചില നല്ല ചിത്രങ്ങളും കൈരളിക്കു ലഭിച്ചിട്ടുണ്ട്. വാസനാനുഗൃഹീതരും നിരീക്ഷണപടുക്കളും ആയ കലാകാരന്മാർ മാത്രം ഈ തൊഴിലിലേർപ്പെട്ടാൽ ഇനിയും ആശയ്ക്കുവഴിയുണ്ടാകും. ലേഖനീപാണികളായിട്ടുള്ള സകലർക്കും സഞ്ചരിക്കാവുന്ന സുഗമസരണിയല്ല ഇതെന്ന ബോധം ആദ്യമായി ഉറപ്പിൽ വരണം.



എ. ജി. ഗാർഡിനർ

എന്താണീ ഉലികാചിത്രമെന്നു പറയുന്നത്? ഒന്നാമത് അതൊരു ചിത്രമായിരിക്കണം; വെറും ചരിത്രക്കുറിപ്പോ നിരൂപണമോ ആകരുത്. ചിത്രത്തിനു വിഷയമാകുന്ന ആളിന്റെ ഛായ—ആകൃതിയും പ്രകൃതിയും ഉൾപ്പെടെ—വ്യക്തീഭവിക്കുക എന്നതാണ് പ്രധാന കാര്യം. അയാൾ ഏതു തരക്കാരനാണെന്നു തെളിയിക്കുന്നതിനുപകരിക്കുന്ന സംഭവങ്ങളും സംഭാഷണങ്ങളും തിരഞ്ഞെടുത്തു കൂട്ടിയിണക്കുന്നതിലാണ് ചിത്രകാരന്റെ കലാകൗശലം കാണേണ്ടത്. ഇത്തരം സംഭവങ്ങളും മറ്റും താരതമ്യേന അപ്രധാനങ്ങളാകാം. എന്നാലും അവ സ്വഭാവവ്യക്തിക്കു കൂടുതൽ ഉപകരിക്കുമെങ്കിൽ അവയ്ക്കായിരിക്കണം ഉലികാചിത്രത്തിൽ പ്രാധാന്യം. ചിലപ്പോൾ ഒരു നിസ്സാരസംഗതി, അഥവാ ഒരു സംഭാഷണശകലം, ഒരാളുടെ ഹൃദയത്തിന്റെ ഉള്ളറകളെ തുറന്നുകാണിച്ചുവെന്നുവരാം. ത്യാജ്യഗ്രാഹ്യവിവേചനം—അതൊരു കലാകാരനു കൂടിയേ കഴിയൂ. അനുചിതവും അനാവശ്യവുമായത് ഉപേക്ഷിക്കുവാൻ അയാൾ മടിക്കരുത്. ഔചിത്യപൂർവ്വം വിട്ടുകളയുന്നതുവഴിയായിട്ടാണ് ഒരു കലാകാരന്റെ യോഗ്യത വെളിപ്പെടുന്നത്. The artist may be known rather by what he omits എന്നൊരു പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ചിത്രകാരന്മാർ പ്രത്യേകം ഗൗനിക്കേണ്ട ഒരു സംഗതിയാണിത്. തള്ളേണ്ടതു തള്ളാനും കൊള്ളേണ്ടതു കൊള്ളാനും അറിഞ്ഞുകൂടാത്തവർ ചിത്രം വരയ്ക്കാൻ തുനിഞ്ഞാൽ അതും വെറും ഉലികാചാപലമായേ കലാശിക്കു. ആകാരചിത്രീകരണത്തിലും ഇതുപോലെ ഒരു തെരഞ്ഞെടുപ്പു നടത്തേണ്ടതുണ്ട്. ഏതംശം ചൂണ്ടിയാൽ ഇതരാംശങ്ങൾ സ്വയം വ്യഞ്ജിതങ്ങളാകുമോ, അവയെ മാത്രമേ ചിത്രകാരൻ ഉപകരണങ്ങളാക്കേണ്ടതുള്ളൂ. ചുരുക്കത്തിൽ, മനുഷ്യസാമാന്യത്തിൽനിന്നു വ്യക്തിവിശേഷത്തെ പൃഥഃകരിച്ചു കാണിക്കുന്നതിലായിരിക്കണം അയാളുടെ മുഖ്യമായ ശ്രദ്ധ. ഒരു വ്യക്തിയുടേതു മാത്രമായ ചേഷ്ടാവിശേഷങ്ങളും (Mannerisms) ശീലഭേദങ്ങളും അയാളുടെ ചിത്രം നിർമ്മിക്കുവാനുള്ള ചായക്കൂട്ടാകുന്നു. അതു വേണ്ടസ്ഥാനത്തു വേണ്ടപോലെ അധികപ്പറ്റുവരാതെ ഉപയോഗിക്കുവാനുള്ള സാമർത്ഥ്യമാണ് ചിത്രകാരനു വേണ്ടത്. ഒരു വിധത്തിൽ നോക്കിയാൽ ഉലികാചിത്രം, ജീവചരിത്രത്തിന്റെ കാവ്യരസം തുളുമ്പുന്ന ഒരു കീശപ്പതിപ്പാണെന്നു (Pocket edition) പറയാം. ഒരുവന്റെ രൂപശീലകർമ്മഭാവങ്ങളെ ആവിഷ്കരിക്കുന്ന ഉപകരണങ്ങളെക്കൊണ്ടു നെയ്തെടുത്തിട്ടുള്ള ഒരു ദീർഘപടമാണല്ലോ അവന്റെ ജീവചരിത്രം. അതിന്റെ ഏറ്റവും ചുരുങ്ങിയതും എന്നാൽ സാരാംശത്തിൽ എല്ലാമുൾപ്പെടുന്നതും ആയ ഒരു ഫോട്ടോ നല്ല ഉലികാചിത്രത്തിലുണ്ടായിരിക്കും. ജീവിതനിരൂപണത്തിന് ഇതിൽ സ്ഥാനമില്ലേ? ഉണ്ട്, തീർച്ചയായും നല്ലൊരു സ്ഥാനമുണ്ട്. പക്ഷേ, അതിന്റെ പരിമിതിയിലും പ്രതിപാദനത്തിലും ചിത്രകാരനു നോട്ടക്കേടു പറ്റരുതെന്നേയുള്ളൂ. ഒരുവന്റെ സ്വാഭാവത്തേയും പ്രവൃത്തികളേയുംപറ്റി ചിത്രകാരനു തോന്നിയിട്ടുള്ള കുറെ അഭിപ്രായങ്ങൾ എഴുതിച്ചേർക്കുന്നതുകൊണ്ടുമാത്രം അതൊരു ചിത്രമാകുന്നില്ല. ഗുണദോഷനിരൂപണത്തിനു ചിത്രകാരന് അവകാശമുണ്ട്. എന്നാൽ അതു നിർവ്വഹിക്കുന്ന രീതി ചിത്രത്തിന്റെ അംഗോപാംഗഘടനയ്ക്കു ഇണങ്ങിയതായിരിക്കണം. ദോഷ ദർശനം കർക്കശമായ ശകാരമോ കളിയാക്കലോ ആയി കലാശിക്കുന്നതു തുലോം അനുചിതമാകുന്നു. ചിത്രത്തിൽ കറുത്ത രേഖകൾ വരയ്ക്കേണ്ടിവരുമ്പോഴും അനുകമ്പാർദ്രമായ മനോഭാവത്തോടുകൂടിവേണം അതു ചെയ്യുവാൻ. ഇംഗ്ലീഷ് സാഹിത്യത്തിൽ സുപ്രസിദ്ധനായ എ. ജി. ഗാർഡിനരുടെ ഉലികാചിത്രങ്ങൾ നോക്കുക. താൻ ആരുടെ ചിത്രം വരയ്ക്കുന്നുവോ, അയാളെ അനുകമ്പാരഹിതമായ ദൃഷ്ടിയോടെ അദ്ദേഹം ഒരു ഘട്ടത്തിലും നോക്കുന്നില്ല. മുസ്സോളിനിയെപ്പോലുള്ള അഹങ്കാരമൂർത്തികളെപ്പോലും സഹതാപത്തണലിൽ നിർത്തിയിട്ടേ അദ്ദേഹം ആക്ഷേപിക്കുന്നുള്ളൂ. മാക്ഡോനാൾഡ് ചെയ്തുപോയ ഒരു തെറ്റിനെപ്പറ്റി ഗാർഡിനർ പ്രതിപാദിക്കുന്നതു നോക്കൂ:

'He acted indiscretely in the acceptance of the endowment of a motor car from a man to whom he subsequently gave a title, but it was the indiscretion of an honest man and it is a tribute to his character that on one seriously believed that the gift and the honour had any connection.'

നിരൂപണം ചിലപ്പോൾ നിശിതമാക്കേണ്ടിവന്നേയ്ക്കാം. എന്നാലും അതിനൊരു കഥാപരമായ മാർദ്ദവം ഉണ്ടായിരിക്കണം. മനുഷ്യജീവിതത്തിലെ കറുത്തപുള്ളികൾ നിർദ്ദയമായി നിർത്തിക്കാണിപ്പാൻ വെമ്പൽകൊള്ളുന്നൊരു സമ്പ്രദായം നമ്മുടെ ചില ചിത്രങ്ങളിൽ നിഴലിച്ചുകാണുന്നതുകൊണ്ടാണ് ഇതിവിടെ ഇത്രയും വിസ്തരിച്ചത്. എല്ലാറ്റിനും പുറമേ ഭാഷയിലും പ്രതിപാദനരീതിയിലും ചിത്രകാരൻ മനസ്സിരുത്തേണ്ടതുണ്ട്. ലളിതസുന്ദരമായ ഭാഷ, ചതുരമധുരമായ പ്രതിപാദനം—നല്ല നല്ല ചിത്രങ്ങളിൽ ഈവക ഗുണങ്ങൾ തികഞ്ഞിരിക്കും. പെരുമ്പാമ്പുപോലെ നീണ്ടിഴഞ്ഞ വാക്യങ്ങളും ചരിത്രകാരന്മാരുടെ വിവരണരീതിയും ചിത്രത്തിന്റെ വൈശദ്യത്തിനും വൈചിത്ര്യത്തിനും ഹാനികരമാകുന്നു. മലയാളത്തിൽ മഹാവാക്യമുദ്ഗരങ്ങൾകൊണ്ടു ചിത്രം വരയ്ക്കാൻ നോക്കുന്ന ചിലരുണ്ട്. ഒരറ്റത്തുനിന്നു വായന തുടങ്ങിയാൽ മറ്റേയറ്റത്തെത്തുമ്പോഴേയ്ക്കും ആദ്യം വായിച്ചതു മറന്നുപോകത്തക്കവണ്ണം ദീർഘങ്ങളായ വാക്യങ്ങളാണ് അവരെഴുതിവിടുന്നത്. ഇങ്ങനെ നീണ്ട നീണ്ട വാചകങ്ങൾ കൂട്ടിക്കെട്ടിച്ചമയ്ക്കുന്ന ശബ്ദജാലം ചിത്രോന്മീലനസമർത്ഥമാകുകയില്ല. ചുരുക്കത്തിലൊന്നേ പറയേണ്ടതുള്ളൂ: 'അനൗചിത്യമല്ലാതെ മറ്റൊന്നുമല്ല രസഭംഗത്തിനു കാരണം' എന്ന ആചാര്യവചനമില്ലേ, അതുതന്നെ ഇവിടേയും അനുസന്ധേയം.

(നിരീക്ഷണം)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014